**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4390** **18-03-2025 - ൽ മറുപടിയ്ക്ക്**

**എക്സ്ട്രാ ഹൈടെൻഷൻ വൈദ്യുത ലൈനിനു താഴെയുള്ള കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എക്സ്ട്രാ ഹൈടെൻഷൻ വൈദ്യുത ലൈനിനു താഴെ കെട്ടിടനിർമ്മാണത്തിന് നിലവിൽ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് റ്റു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 62, 63 പ്രകാരം നിലവിലുള്ള ശിരോപരി ലൈനിനു താഴെയുള്ള കെട്ടിട നിർമ്മാണം വോൾട്ടേജ് പരിധി ഇല്ലാതെ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്.<br><br>എന്നാൽ റെഗുലേഷൻ 136 (1) പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ വിവേചന അധികാരം ഉപയോഗിച്ച്, 62 (1), 63 (1) പ്രകാരം നിലവിലുള്ള ശിരോപരി ലൈനിനു താഴെയുള്ള കെട്ടിട നിർമ്മാണം അനുവദനീയമല്ല എന്ന റെഗുലേഷനിൽ വ്യതിയാനം അനുവദിച്ച് റെഗുലേഷൻ 65 ൽ പ്രതിപാദിച്ചിട്ടുള്ള നടപടികൾ പാലിച്ച് കൊണ്ട് 2023-ലെ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി റെഗുലേഷൻ അനുശാസിക്കുന്ന ക്ലിയറൻസ് നിലനിർത്തി ഉപാധികളോട് കൂടി കെട്ടിട നിർമ്മാണം നടത്തുന്നതിന് സർക്കാരിന് അധികാരമുണ്ട്. ഇപ്രകാരം അനുമതിക്കുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച മൂന്നംഗ കമ്മിറ്റി വിഷയം പരിശോധിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്യാവുന്നതാണ്. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം സർക്കാരിനാണ്.<br><br>ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും നൽകുന്ന NOC ഉണ്ടെങ്കിൽ ലൈനിന്റെ അടിയിൽ കെട്ടിടം നിർമ്മിക്കാവുന്നതാണെന്നും കെട്ടിട നിർമ്മാണത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകേണ്ടതില്ല എന്നും കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എത്ര കെ.വി. മുതലുള്ള വൈദ്യുത ലൈനുകൾക്ക് താഴെയുള്ള കെട്ടിടനിർമ്മാണത്തിനാണ് പൂർണ്ണമായും വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; ഇങ്ങനെ വിലക്കേർപ്പെടുത്തുമ്പോൾ സ്ഥലമുടമയ്ക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ടോ എന്ന് വിശദമാക്കാമോ; ഉണ്ടെങ്കിൽ നഷ്ടപരിഹാരത്തിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) | ഉണ്ട്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് റ്റു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 62, 63 പ്രകാരം നിലവിലുള്ള ശിരോപരി ലൈനിനു താഴെയുള്ള കെട്ടിട നിർമ്മാണം വോൾട്ടേജ് പരിധി ഇല്ലാതെ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്.<br><br>എന്നാൽ റെഗുലേഷൻ 136 (1) പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ വിവേചന അധികാരം ഉപയോഗിച്ച്, 62 (1), 63 (1) പ്രകാരം നിലവിലുള്ള ശിരോപരി ലൈനിനു താഴെയുള്ള കെട്ടിട നിർമ്മാണം അനുവദനീയമല്ല എന്ന റെഗുലേഷനിൽ വ്യതിയാനം അനുവദിച്ച് റെഗുലേഷൻ 65 ൽ പ്രതിപാദിച്ചിട്ടുള്ള നടപടികൾ പാലിച്ച് കൊണ്ട് 2023-ലെ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി റെഗുലേഷൻ അനുശാസിക്കുന്ന ക്ലിയറൻസ് നിലനിർത്തി ഉപാധികളോട് കൂടി കെട്ടിട നിർമ്മാണം നടത്തുന്നതിന് സർക്കാരിന് അധികാരമുണ്ട്. ഇപ്രകാരം അനുമതിക്കുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച മൂന്നംഗ കമ്മിറ്റി വിഷയം പരിശോധിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്യാവുന്നതാണ്. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം സർക്കാരിനാണ്.<br><br>ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും നൽകുന്ന NOC ഉണ്ടെങ്കിൽ ലൈനിന്റെ അടിയിൽ കെട്ടിടം നിർമ്മിക്കാവുന്നതാണെന്നും കെട്ടിട നിർമ്മാണത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകേണ്ടതില്ല എന്നും കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ പരിമിതമായ ഭൂമിലഭ്യതയുടെ സാഹചര്യം കണക്കാക്കി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗനിർദ്ദേശങ്ങളിൽ ഇളവ് വരുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; വ്യക്തമാക്കാമോ? | (സി) | സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് റ്റു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 ൽ റെഗുലേഷൻ 136(1) പ്രകാരം, റെഗുലേഷൻ 62, 63എന്നി റെഗുലേഷനുകളിൽ വ്യതിയാനം അനുവദിക്കാൻ സംസ്ഥാന സർക്കാരിന് വിവേചന അധികാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ